## പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*149** **05/02/2019- ൽ മറുപടിയ്ക്ക്**

## റബ്ബർ വിലസ്ഥിരതാ ഫണ്ട്

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.പി.സി. ജോർജ്ജ്** | **ശ്രീ. വി.എസ്.സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** |
| (എ) റബ്ബർ കൃഷി ഉപേക്ഷിച്ച് മറ്റ് വിളകൾ കൃഷി ചെയ്യാൻ താത്പര്യമുള്ള കർഷകർക്ക് ഏതെങ്കിലും വിധത്തിലുള്ള സഹായങ്ങൾ നൽകുവാൻ തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) കൃഷി വകുപ്പ് വിവിധ വിളകൾ കൃഷിചെയ്യുന്നതിന് സംസ്ഥാനാവിഷ്കൃത /കേന്ദ്രാവിഷ് കൃത പദ്ധതികൾ പ്രകാരം ആനുകൂല്യം നൽകുന്നുണ്ട് നെല്ല്, പച്ചക്കറി, കിഴങ്ങുവർഗ്ഗവിളകൾ സുഗന്ധവ്യഞ്ജനവിളകൾ തുടങ്ങിയ വിളകൾക്കും കൂടാതെ സംയോജിതകൃഷിക്കും ധനസഹായം നൽകിവരുന്നു. ഈ ആനുകൂല്യം എല്ലാ ചെറുകിട നാമമാത്ര കർഷകർക്കും നൽകുന്നതാണ് ഇതുകൂടാതെ റബ്ബർ കൃഷി യുടെ ഇടവിളയായി പച്ചക്കറി കൃഷി ചെയ്യുന്നതിന് ഹെക്ടറിന് 15000 രൂപ നിരക്കിൽ ആനുകൂല്യം നൽകുന്നുണ്ട് റബ്ബർ കൃഷി ഉപേക്ഷിച്ച് മറ്റ് കൃഷിചെയ്യുന്ന കർഷകർക്കും മേൽപറഞ്ഞ ആനുകൂല്യങ്ങൾ ലഭിക്കുന്നതാണ് റബ്ബർ കൃഷി ഉപേക്ഷിച്ച് മറ്റ് വിളകൾ കൃഷി ചെയ്യാൻ താല്പര്യമുള്ള കർഷകർക്ക് പ്രത്യേകസഹായങ്ങൾ നൽകുവാൻ തീരുമാനം എടുത്തിട്ടില്ല. |
| (ബി) റബ്ബർ വിലസ്ഥിരതാ ഫണ്ട് നൂറ്റമ്പത് രൂപയിൽ നിന്ന് വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (ബി) റബ്ബർവിലസ്ഥിരതാ ഫണ്ട് പദ്ധതിയിൽ താങ്ങ് വിലയായി കണക്കാക്കുന്ന കിലോയ്ക്ക് 150/- രൂപ എന്നത് അപര്യാപ്തമായതു കൊണ്ട് ആയത് കിലോയ്ക്ക് 200/- രൂപ എങ്കിലും വർദ്ധിപ്പിക്കണമെന്ന കർഷകരുടെ ആവശ്യം പരിഗണിച്ച് റബ്ബറിനുള്ള താങ്ങുവില വർദ്ധിപ്പിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

Sreelatha

**സെക്ഷൻ ഓഫീസർ**